ഉത്തരം

(എ) 9241 അപേക്ഷകൾ ലഭിച്ചിരുന്നു.

(ബി) നാളിതുവരെ 3555 പേർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) 51921 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഇതിൽ ഏകദേശം 7% കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(ഡി) ശേഷിക്കുന്ന കുടുംബങ്ങൾക്ക് 2016 ഡിസംബറോടുകൂടി കണക്ഷൻ ലഭ്യമാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമം

162 (4965) ശ്രീ. എസ്. ശർമ്മ :
ശ്രീ. സാജു പോൾ :
ശ്രീ. ബി. ഡി. ദേവസ്സി :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി 2013-14 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ജെ.ഐ.സി.എ. സഹായത്തോടെയുള്ള 1000 കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ ;

(ബി) പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്ന് പറയാമോ ;

(സി) കൊച്ചിയിലെ സമഗ്ര കുടിവെള്ള പദ്ധതിക്കായി കഴിഞ്ഞ വർഷം ബജറ്റിൽ നീക്കിവച്ചിരുന്ന തുകയും ചെലവഴിച്ച തുകയും അറിയിക്കാമോ ?

ഉത്തരം

(എ) 940.90 കോടി രൂപയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ പ്രസക്തഭാഗം (സമ്മറി ഓഫ് പ്രൊപ്പോസൽ) സംസ്ഥാന പ്ലാനിംഗ് വകുപ്പ് മുഖേന കേന്ദ്രസർക്കാരിലേക്ക് അയച്ചുകൊടുക്കുകയും കേന്ദ്രസർക്കാർ നിർദ്ദേശിച്ചതനുസരിച്ച് പുതിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ 18-6-2015-ൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

(സി) " വൻകിട ശുദ്ധജലവിതരണ പദ്ധതികൾക്കായുള്ള മുതൽമുടക്ക്" എന്ന ശീർഷകത്തിൽ കൊച്ചിയിലെ സമഗ്രകുടിവെള്ള പദ്ധതിക്കും ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ സംരക്ഷണത്തിന്റെ ഭാഗമായി കൊല്ലം നഗരത്തിൽ കല്ലടയാറ് സ്രോതസ്സായുള്ള കുടിവെള്ള പദ്ധതിക്കുമായി ബജറ്റിൽ 4.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനായി ചെലവാക്കിയിട്ടില്ല.

മീനാട് ശുദ്ധജല പദ്ധതി

163 (4966) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനാട് ശുദ്ധജലപദ്ധതി (ജപ്പാൻ കുടിവെള്ള പദ്ധതി) യിൻ കീഴിൽ ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിൽ സ്ഥാപിക്കാൻ ശേഷിക്കുന്ന പൈപ്പ് ലൈനുകൾ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലാണ് സ്ഥാപിക്കുവാനുള്ളതെന്നും ആയത് ഓരോ സ്ഥാപനങ്ങളുടെ പരിധിയിലും എത്ര ദൂരം വീതം സ്ഥാപിക്കുവാൻ ഉണ്ടെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത ലൈനുകൾ സ്ഥാപിക്കുന്നതിലേക്ക് ആരെയും ചുമതലപ്പെടുത്തിയില്ലായെങ്കിൽ എന്താണ് കാരണമെന്നും വ്യക്തമാക്കുമോ ;

(സി) പദ്ധതി വിഭാവന ചെയ്ത സമയത്ത് ഡിസ്ട്രിബ്യൂഷൻ ലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിക്കുന്നതിലേയ്ക്ക് നിശ്ചയിച്ചിരുന്ന സമയപരിധി എന്നായിരുന്നുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ)

ക്രമ നമ്പർ	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്	ഇനി സ്ഥാപിക്കുവാനുള്ള ദൂരം (കി.മീ.)
(1)	(2)	(3)
1.	കരുവാളൂർ	11.068
2	ഇടമുളയ്ക്കൽ	11.838

LIBRARY ARCHIVES Kerala Legislative Assembly